**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1155** **29-06-2026-ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ആദ്യത്തെ ഇക്കോ ടൂറിസം പ്രോജക്റ്റായ പുനലൂർ മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും; നിലവിൽ പ്രസ്തുത ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിക്കാമോ;

**മറുപടി:** തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനായി സഞ്ചാരികളെ ആകർഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, മാർക്കറ്റിംഗ്, പരിശീലനം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ടൂറിസം വകുപ്പ് തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന ഒരുക്കിയിട്ടുണ്ട്.

**(ബി)** മലയോര മേഖലയായ പുനലൂർ മണ്ഡലത്തിലെ വിവിധങ്ങളായ വലിയ വിനോദ സഞ്ചാര വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഇക്കോ ടൂറിസം പദ്ധതി, ജൈവ വൈവിധ്യ സർക്യൂട്ട്, ഹെറിറ്റേജ് ടൂറിസം എന്നീ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് ഡി.പി.ആർ.തയ്യാറാക്കി അംഗീകാരം നേടി നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്നും; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

**മറുപടി:** നിലവിൽ അത്തരം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**